**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1603** **19-06-2024 - ൽ മറുപടിയ്ക്ക്**

**പൂച്ചാക്കൽ പോലീസ് സ്റ്റേഷന് സമീപത്തുള്ള പുറമ്പോക്ക് ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | അരൂർ മണ്ഡലത്തിലെ പാണാവള്ളി വില്ലേജിൽ പൂച്ചാക്കൽ പോലീസ് സ്റ്റേഷന് സമീപത്തുള്ള പുറമ്പോക്ക് ഭൂമി എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | ആലപ്പുഴ ജില്ലയിൽ അരൂർ മണ്ഡലത്തിൽ പാണാവള്ളി വില്ലേജിൽ പൂച്ചാക്കൽ പോലീസ് സ്റ്റേഷന് സമീപത്ത് സർവ്വേ 61/1-ൽ 06.13 ആർസ് പുറമ്പോക്ക് ഭൂമിയുണ്ട്. |
| (ബി) | പ്രസ്തുത ഭൂമി എത്ര പേർക്ക് പതിച്ച് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പതിച്ചുനൽകാത്തതും സ്വകാര്യ വ്യക്തികൾ അനധികൃതമായി കൈവശപ്പെടുത്തിയിരിക്കുന്നതുമായ ഭൂമിയുടെ അളവ് വ്യക്തമാക്കുമോ; | (ബി) | വില്ലേജ് രേഖകൾ പ്രകാരം 2 പേർക്ക് പതിച്ചു നൽകിയ ഭൂമി കഴിച്ച് പാണാവള്ളി വില്ലേജിൽ സർവ്വേ നം 61/1 ൽ 06.13 ആർസ് പുറമ്പോക്ക് ഭൂമിയുണ്ട്. ആയതിൽ 0.94 ആർസ് വസ്തു ശ്രീമതി ബി വിജയകുമാരി എന്നവരും, 01.29 ആർസ് വസ്തു ശ്രീ. റ്റി.ഡി. പ്രകാശൻ എന്നവരും അനധികൃതമായി കൈയ്യേറി കെട്ടിടം നിർമ്മിയ്ക്കുകയും കൈവശം വയ്ക്കുകയും ചെയ്തിട്ടുള്ളതാണ്. ബാക്കി സ്ഥലം ചമയങ്ങളൊന്നുമില്ലാതെ ഒഴിഞ്ഞ് കിടക്കുന്ന ഭൂമിയാണ്. ടി ഒഴിഞ്ഞ് കിടക്കുന്ന സർവ്വേ 61/1 ൽ പെട്ട 2.13 ആർസ് സ്ഥലം പൂച്ചാക്കൽ സബ് ട്രഷറി നിർമ്മാണത്തിനുവേണ്ടി ചേർത്തല താലൂക്ക് സർവ്വയർ മുഖാന്തിരം അളന്ന് തിട്ടപ്പെടുത്തി സ്കെച്ച് തയ്യാറാക്കിയിട്ടുള്ളതും ടി സ്ഥലത്ത് അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടുള്ളതുമാണ്. |
| (സി) | പ്രസ്തുത ഭൂമി അനധികൃതമായി കൈവശപ്പെടുത്തിയിരിക്കുന്ന വ്യക്തികൾക്കും,സ്ഥാപനങ്ങൾക്കുമെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (സി) | പാണാവള്ളി വില്ലേജിൽ പൂച്ചാക്കൽ പോലീസ് സ്റ്റേഷനു സമീപം സർവ്വേ 61/1 ൽ പെട്ട പുറമ്പോക്ക് (വഴി) എന്ന് കാണുന്ന വസ്തുവിൽ ശ്രീമതി വിജയകുമാരി, ശ്രീ റ്റി ഡി പ്രകാശൻ എന്നീ കക്ഷികൾ അനധികൃതമായി ഭൂമി കൈയ്യേറി കെട്ടിടം നിർമ്മിയ്ക്കുകയും കൈവശം വയ്ക്കുകയും ചെയ്തിട്ടുള്ളതാണ്. ശ്രീമതി വിജയകുമാരി WP(C) 19722/23 നമ്പരായും, ശ്രീ റ്റി. ഡി പ്രകാശൻ WP(C) 28280/23 നമ്പരായും ബഹു ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിൽ 24.08.23-ൽ വിധിയായിട്ടുള്ളതാണ്. ടി വിധി പ്രകാരം അസിസ്റ്റന്റ് |

| | | | |
|---|---|---|---|
| | | | എക്സിക്യൂട്ടീവ് എൻജിനീയർ ആവശ്യപ്പെടുന്നതിനനുസരിച്ച് സർവ്വേ നടത്തുന്നതിന് സർവ്വയർമാരെ നിയോഗിക്കുന്നതിന് തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും സർവ്വേ നടത്തി കയ്യേറ്റമുണ്ടെന്ന് കണ്ടെത്തുന്ന പക്ഷം കക്ഷികളെ കേട്ട് നിയമാനുസൃത തുടർ നടപടി സ്വീകരിക്കുന്നതിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ PWD ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ